# സ്നേഹലത

അയാൾക്ക് വേട്ടയാടപ്പെട്ടുന്നവന്റെ മുഖമാണ്. കണ്ണുകൾക്ക് ലേശം ചുവപ്പ് നിറമാണ്. മൂന്നോ നാലോ ദിവസമായി ഷേവ് ചെയ്തിട്ടില്ല. ചെമ്പിച്ച മുടി. മുഷിഞ്ഞ വസ്ത്രം.

പ്രഭാതത്തിന് നല്ല തണുപ്പാണ്. മകര പിറവിക്ക് ദിവസങ്ങളേയുള്ളൂ. പിറവി കാണാൻ ഒരുമ്പെടുന്ന അയ്യപ്പഭക്തരുടെ ശരണം വിളികൾ യാത്രയിൽ പലയിടത്തും അയാൾ കേട്ടത് ഒർമ്മിച്ചു.

ഈ വഴിയിലൂടെ അയാൾ ആദ്യമാണ്.

കറുത്ത വാഗ്നർ കഴുകിയിട്ട് മൂന്നു നാലു ദിവസമായിരിക്കുന്നു. പുറമാകെ പൊടിപിടിച്ച്, മഞ്ഞുതുള്ളികൾ വീണിടത്ത് കട്ടപിടിച്ച്......

ഒരു നാൽക്കവലയാണത്.

നാലു വഴികളും ടാർ ചെയ്തതാണ്. കവലയിൽ അധികം കടകളില്ല. ഒരു ചായക്കടയൊഴിച്ച് മറ്റൊന്നും തുറന്നിട്ടുമില്ല.

അയാൾ കാർ നിർത്തിയത് ചായക്കടയുടെ മുമ്പിൽ തന്നെയാണ്. കടയിൽ നാലോ അഞ്ചോ പേർ, ആരും അയാളെ ശ്രദ്ധിക്കാതെ ചായ നുകർന്നും, ദിനപത്രം നുണഞ്ഞും......

അയാൾ കടക്കാരനോട് വിലാസം തിരക്കി. കടക്കാരൻ കുറെ ആലോചിച്ച ശേഷം ഒരു മറു ചോദ്യമുന്നയിച്ചു. ആ മറു ചോദ്യത്തിന് ഉത്തരം കൊടുക്കാൻ അയാൾക്കായില്ല. അറിവില്ലായിരിക്കാം. എങ്കിലും വിലാസം ഉദ്ദേശം ഇന്നതാകാമെന്ന് കടക്കാരന്റെ സാക്ഷ്യപ്പെടുത്തലിൽ അയാൾക്ക് സമാധാനം തോന്നി.

രണ്ട് ഗ്ലാസ്സുകളിൽ അയാൾ ചായ വാങ്ങി. വണ്ടിയുടെ അടുത്തെത്തി തുറന്നിരുന്ന വാതായനം വഴി ഉള്ളിലേക്ക് ഒരെണ്ണം കൊടുത്തപ്പോൾ മാത്രം കടയിലുള്ളവർ അകത്തിരിക്കുന്ന പെൺകുട്ടിയെ കണ്ടു.

ഭീതിപൂണ്ടിരിക്കുന്നൊരു കൊച്ചു പെൺകുട്ടി. പതിനഞ്ചോ പതിനാറോ വയസ്സായിട്ട്.........

അവർ പിന്നീട് സംശയത്തോടെ ആണ് അയാളെ വീക്ഷിച്ചത്, പരസ്പരം നോക്കിയത്. പക്ഷെ, അയാളുടെ മുഖത്ത് ചഞ്ചലിപ്പോ, കളങ്കതയോ കാണാത്തതുകൊണ്ടും, പെൺകുട്ടിയിൽ നിന്ന് അയാളോടുള്ള പെരുമാറ്റത്തിൽ സംശയിക്കത്തക്കതായിട്ടൊന്നും ഇല്ലാത്തതു കൊണ്ടും അവർ കണ്ണുകളെ, മനസ്സുകളെ പിൻതിരിപ്പിച്ചുകളഞ്ഞു.

കഷ്ടിച്ച് കാർ കയറി പോകാനൊരു വഴി, ടാർ വിരിക്കാത്തത്, പൊടി ഉയർത്തുന്നുണ്ട്.....

ഇരുപുറവും വേലിപ്പടർപ്പുകളാണ്. വേലികൾക്കുള്ളിൽ റബ്ബർ, തെങ്ങ്, വാഴ.........

കിളികളുടെ ചിലപ്പുകൾ.....

കോഴിയുടെ കൂവലുകൾ.....

വീടുകൾ ഉണർന്നു വരുന്നതേയുള്ളൂ......

ഒരു കിലോമീറ്റർ കഴിഞ്ഞാണ് ചായക്കടക്കാരൻ പറഞ്ഞ ലക്ഷണത്തിലുള്ള വീടെത്തിയത്.

കാർ റോഡിലേ കിടക്കുകയുള്ളു. ഒരു ഓട്ടോറിക്ഷക്കുപോലും കടന്നു പോകാൻ ഇടമില്ലാത്തതുപോലെ.

അയാൾ തനിച്ച് ഇറങ്ങി വന്ന് വീടിന്റെ കതകിൽ മുട്ടി വിളിച്ചു. അവിടെ കോളിംഗ് ബെല്ല് കണ്ടില്ല. വരാന്തയിൽ വെളിച്ചത്തിനൊരു ബൾബു പോലും കണ്ടില്ല. എന്നാൽ ഏറ്റവും അടുത്തവീട്ടിലേക്ക് വൈദ്യുതി ലൈൻ കണ്ടു.

കുറെ കാത്തു നിന്നപ്പോളൊരു സ്ത്രീ വാതിൽ തുറന്നു. അറുപത് വയസ്സിനു മേൽ പ്രായമുള്ള, വളരെ പഴകിയൊരു നൈറ്റിയിൽ.....

അവർ ഉണർന്നു വരുന്നതേയുള്ളൂ.

യാതൊരു ഉദ്ദേശവുമില്ലാതെ കതക് തുറന്ന് പുറത്തു വന്ന ആ കണ്ണുകളിൽ അമ്പരപ്പ് കയറിപടരുന്നതു കാണാം.

"ഞാൻ രമേശനെ കാണാൻ വന്നതാണ്, നഗരത്തിൽ നിന്ന്."

അയാൾ കുറെ അകലെയുള്ളൊരു നഗരത്തിന്റെ പേരു പറഞ്ഞു.

അവർ അയാളെ ഇറയത്ത് തന്നെയുള്ളൊരു ബെഞ്ചിൽ ഇരുത്തി.

ഒരു നീണ്ട കഥ പറഞ്ഞു.

കഴിഞ്ഞ പതിനാറു വർഷങ്ങൾ...

പതിനാറു വർഷങ്ങൾ കഴിഞ്ഞു രമേശൻ പുറത്തിറങ്ങിയിട്ട്....

തലമുറകളോളം പഴക്കമുള്ള ആ ചെറിയവീട്ടിലെ തെക്കേ കോണിലെ ഇടുങ്ങിയ മുറിയിൽ വെളിച്ചം കയറിയിട്ട് പതിനാറു വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. അത് അവന്റെ, രമേശിന്റെ മുറിയാണ്.

പതിനാറു വർഷമായി വാതായനം പോലുമില്ലാത്ത അതിന്റെ ജനൽ അവൻ തുറന്നിട്ട്. തുറന്നാൽ തെക്കോട്ടുള്ള മലയിറക്കത്തിൽ പതിക്കുന്ന വെളിച്ചം കാണേണ്ടി വരും. അവനെ നോക്കി ചിരിക്കുന്ന പൂക്കളെ കാണേണ്ടിവരും. പൂക്കളിൽ നിന്നെത്തുന്ന സുഗന്ധം അറിയേണ്ടി വരും.

ആ പൂക്കളിൽ നിന്നും, സുഗന്ധത്തിൽ നിന്നും അവൻ ഒളിച്ചോടുകയായിരുന്നു.

കുട്ടിയായിരിക്കുമ്പോഴും. അതിനു ശേഷം കൗമാരക്കാരനായിരിക്കുമ്പോൾ, യുവാവായിരിക്കുമ്പോൾ ജനാല തുറന്നിട്ട് മലഞ്ചെരുവിലേക്ക് നോക്കിയിരിക്കുന്നത് അവന്റെ ശീലമായിരുന്നു, ലഹരിയായിരുന്നു.

അവിടെയിരുന്നാൽ മലകൾ കയറി, മലകൾ ഇറങ്ങി വരുന്ന പ്രഭാതവെളിച്ചം കാണാം. മലകളിറങ്ങി മലകൾ കയറി പോകുന്ന അന്തിവെളിച്ചവും കാണാം.

അങ്ങിനെ നോക്കിയിരുന്നാൽ മനസ്സിൽ കുളിർമ നിറയും. താഴ്‌വാരത്ത് കൂടിപറന്നു പോകുന്ന പക്ഷികൾ കാഴ്ചക്കാരനെ നോക്കി പാടും, പൂക്കൾ ചിരിക്കും. ആവോളം നുകരാൻ സുഗന്ധവുമായിട്ട് മന്ദമാരുതനുമെത്തും.

ആദ്യമൊക്കെ അമ്മച്ചി അവനോട് ഒരുപാട് ചോദ്യങ്ങൾ ചോദിച്ചു.

എന്റെ മോനെന്തുപറ്റി, എന്തിൽ നിന്നാണ് ഒളിച്ചോടിയത്, ആരാണ് നശിപ്പിച്ചത്, പിച്ചി ചീന്തിയത്.........

അവൻ ഒന്നും പറഞ്ഞില്ല.

ഒരു വികാരവും കാണിച്ചില്ല.

ഒരേയൊരു സഹോദരിയുടെ വിവാഹത്തിനും മുറിയിൽ നിന്നും പുറത്തു വന്നില്ല.

അച്ഛൻ മരിച്ചപ്പോൾപോലും ഒരു വാക്ക് ഉരിയാടിയില്ല.

സ്വന്തം തീരുമാനത്തിൽ കുളിച്ചില്ല, പല്ലുതേച്ചില്ല, ആഹാരം കഴിച്ചില്ല.

മുടി വെട്ടിയില്ല.  ഷേവു ചെയ്തില്ല.

അമ്മ നിർബന്ധിച്ചു ചെയ്താലായി.

അമ്മ കൂലിപ്പണി ചെയ്തും, പറമ്പിലെ കുറച്ച് റബ്ബർ വെട്ടിയും കഴിഞ്ഞു, ഇതുവരെ.

ശിലായുഗത്തിൽ ഗൃഹനായികയായിരുന്ന സ്ത്രീയെ എന്നാണ്, ആരാണ് സ്ഥാനമാനങ്ങളിൽ നിന്നു വലിച്ചിറക്കിയത്...... പുരുഷന്റെ അധീനതയിൽ, താല്പര്യങ്ങളിൽ കഴിയേണ്ടവളായിട്ട് തരം താഴ്ത്തിയത്........ മതഗ്രന്ഥങ്ങളിൽ, ഇതിഹാസങ്ങളിൽ, പുരാണങ്ങളിൽ പുരുഷന്റെ ഭോഗവസ്തു മാത്രമാക്കി ചിത്രീകരിച്ചതാരാണ്...... ദൈവത്തിങ്കൽ എല്ലാ സൃഷ്ടികളും തുല്യമായിരിക്കെ വേദവാണികൾ ഗ്രഹിക്കാൻ അയോഗ്യയാക്കിയതാരാണ്....

നിങ്ങൾ പ്രകൃതിലേക്ക് നോക്കൂ, സസ്യജാലങ്ങളിൽ സ്ത്രീ പുരുഷ അസമത്വങ്ങളുണ്ടോ, പക്ഷിമൃഗാദികളിൽ സ്ത്രീക്കും പുരുഷനും ചരിക്കാൻ വ്യത്യസ്ഥ മാർഗ്ഗങ്ങളുണ്ടോ, ഇര തേടാൻ, ഇണ തേടാൻ, ശയിക്കാൻ, ഉറങ്ങാൻ ആരുടെയെങ്കിലും വിലക്കുകളുണ്ടോ......

എങ്ങിനെ ഈ മനുഷ്യ സമൂഹത്തിൽ മാത്രം അവൾ ഹീനയായി, അബലയായി, ചപലയായി.........  ഗുണവും മണവും കുറയുമ്പോൾ മൊഴി ചൊല്ലപ്പെടേണ്ടവളായി, പൊതു വേദിയിൽ വസ്ത്രാക്ഷേപം

ചെയ്യപ്പെടേണ്ടവളായി, കാറ്റും വെയിലും കടക്കാത്ത ഇരുട്ടറയിൽ അടക്കപ്പെടേണ്ടവളായി, ഇരയായി.....

ഈ വാക്കുകൾ രമേശന്റെ വീടു തേടി വന്ന രഘുനാഥിന്റേതല്ല, അയാൾ പറയാൻ തുടങ്ങുന്ന കഥയുടെ തുടക്കമാണ്.

അത് സ്നേഹലതയുടെ വാക്കുകളാണ്.

അയാൾ പറഞ്ഞു.

ഒരു സജീവ രാഷ്ട്രീയക്കാരനോ സാംസ്കാരിക പ്രവർത്തകനോ ഒന്നുമായിരുന്നില്ല രമേശൻ. എന്നാൽ സ്വതസിദ്ധമായിരുന്ന ഒരു പ്രവർത്തന ശൈലി കൊണ്ട് എല്ലാവർക്കും ഇഷ്ടപ്പെടുന്നവനായിരുന്നു.

ഏതു വിദ്യാർത്ഥി സംഘടനക്കും സാംസ്കാരിക പ്രവർത്തകനും അവൻ അഭിമതനായിരുന്നു. തുല്യ അകലം സൂക്ഷിക്കുന്നവൻ. എന്നിട്ടും ഒരു സംഘടനയുടെ അദ്ധ്യക്ഷപദത്തിലെത്തേണ്ടിവന്നു, പലരുടേയും നിർബന്ധത്തിന് വഴങ്ങി.

സ്നേഹലത ആ സംഘടനയുടെ തിളങ്ങുന്ന താരമായിരുന്നു, സെക്രട്ടറിയെന്ന നിലയിൽ മാത്രമായിരുന്നില്ല, ജീവാത്മാവും പരമാത്മാവും പോലെ.

സ്കൂൾ തലത്തിൽ നിന്നും കലാതിലകമായിട്ടെത്തുകയും, കോളേജ് തലത്തിലും നടനത്തിന് തുടർച്ചയായി സമ്മാനിതയാകുകയും ചെയ്തിരുന്നതിന്റെ പ്രതിഭാവിലാസം വേറേയും.

ഷാംപൂ പുരട്ടി നേർപ്പിച്ച, ഇടതൂർന്ന മുടി യഥേഷ്ടം പാറി നടക്കും ചുവന്നു തുടുത്തിട്ടും ലിപ്സ്റ്റിക്ക് ധരിക്കും, നിത്യേനയെന്നോണം ബ്യൂട്ടി പാർലറിൽ പോകും, ഒരു പരസ്യത്തിലെ നായികയെപ്പോലെ.....

സംഘടനയുടെ പ്രവർത്തനങ്ങൾ കോളേജ് കാമ്പസ് വിട്ട് സമൂഹത്തിലേക്കിറങ്ങി വന്നു. സ്ത്രീകളുടെ ശാക്തീകരണത്തിനുവേണ്ടി, സ്വാതന്ത്ര്യത്തിനു വേണ്ടി, കുട്ടികളുടെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കാൻ തുടങ്ങി. പല ദേശീയ സംഘടനകളുമായിട്ടുള്ള ബന്ധങ്ങൾ വഴി പൊതുവെ അറിയപ്പെടാൻ തുടങ്ങി.

സ്നേഹലത രാത്രിയിലും പകലും രമേശനൊത്ത് യാത്ര ചെയ്യുവാൻ, പ്രവർത്തന നിരതയാകാൻ മടികാണിച്ചില്ല.

ഒരു പക്ഷെ, അവളുടെ കുടുംബ അന്തരീക്ഷവും അങ്ങിനെ ആയിരുന്നതു കൊണ്ടാകാം. സ്വാതന്ത്ര്യ സമര കാലം മുതൽ കോൺഗ്രസുമായിട്ടുള്ള അടുപ്പം, പ്രശസ്ത ക്രിമിനൽ ലോയറായിരുന്ന അച്ഛന്റെ വീക്ഷണങ്ങൾ, സർവ്വതന്ത്ര സ്വതന്ത്രയായ സ്ത്രീ പക്ഷവാദിയും പ്രവർത്തകയുമായ അമ്മ.....

എങ്കിലും നടനവേദി അവൾക്ക് മുറിച്ചുമാറ്റാൻ കഴിയാത്ത ഘടകമായിരുന്നു, ചിട്ടയായ ചലനങ്ങളും ജന്മസിദ്ധമായ വാസനയും കൂടെ ഉണ്ടായിരുന്നു.

പക്ഷെ, രമേശന്റെ മനസ്സ് വിഹ്വലമായിരുന്നു, എപ്പോഴും. അവൻ സ്നേഹലതയുടെ ബന്ധത്തെ കുറിച്ച് ചിന്തിച്ചുകൊണ്ടേയിരുന്നു, പലപ്പോഴും. സുഹൃത്തുക്കൾ പറയുന്ന കാര്യങ്ങളും അവനെ അലട്ടിക്കൊണ്ടിരുന്നു.

എന്താണ് സ്നേഹലതയുമായുള്ള ബന്ധം.......

ആ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ അവനായില്ല.

ഒരു സുഹൃത്തിനെപ്പോലെ.....

രക്ഷിതാവിനെപ്പോലെ.....

അല്ല, പലപ്പോഴും ഇണയോടു കാണിക്കുന്നതിൽ കൂടുതലുള്ള അടുപ്പത്തോടുകൂടി അവൾ ഇടപെടുന്നു.

അവന്റെ മനസ്സ് ചഞ്ചലിക്കാറുണ്ട്, ചപലമാകാറുണ്ട്, വിജൃംഭിതമാകാറുണ്ട്...

അവളുടെ വാദഗതികൾ അവൻ അംഗീകരിക്കുന്നു. സ്ത്രീയും പുരുഷനും തുല്യരാണെന്നും, വീട്ടിലായാലും പുറത്തായാലും തുല്യത വേണമെന്നും, മേൽക്കോയ്മകളും, അടക്കി വാഴലുകളും തെറ്റാണെന്നും സമ്മതിക്കുന്നു........

അങ്ങിനെ സമ്മതിച്ച് കഴിഞ്ഞ ഉടനെ തന്നെ അവന്റെ മനസ്സ് ചോദ്യങ്ങളെക്കൊണ്ട് നിറയും.

സത്യത്തിൽ പ്രകൃതിയിൽ തന്നെ സ്ത്രീക്കും പുരുഷനും തമ്മിൽ ചില വ്യത്യാസങ്ങൾ കാണാനില്ലെ.....

ആൺപക്ഷികൾക്ക് വ്യത്യസ്ഥമായ രൂപഘടനയുണ്ട്. ആൺ മൃഗങ്ങൾക്ക് തലയെടുപ്പ് കൂടുതലുണ്ട്, വലിപ്പക്കൂടുതലുണ്ട്. പുരുഷന് സ്ത്രീയേക്കാൾ കരുത്ത് കൂടുതലുണ്ട്, സ്വരം അവളുടേതിനേക്കാൾ ദൃഢമാണ്.....

എന്താണങ്ങിനെ....

പ്രകൃതി തന്നെ അങ്ങിനെയൊരു വ്യത്യസ്ഥ ഘടന ഉണ്ടാക്കി വച്ചതെന്തിനാണ്.....

അവൻ തന്നെ അതിനൊരു ഉത്തരവും കണ്ടെത്തിയിട്ടുണ്ട്.

അലംഘനീയമായൊരു കാലപ്രവാഹത്തിൽ സംഭവിക്കുന്നതാണ്.

ഒരു പൂ വിരിയും പോലെ, ഒരു മുട്ട വിരിഞ്ഞു കുഞ്ഞ് പിറക്കും പോലെ..... അനന്തവും അദൃശ്യവുമായ ഒരു സ്രോതസ്സിന്റെ പ്രയാണത്തിൽ സംഭവിക്കുന്നതാണ്.........

അതേ പ്രയാണത്തിൽ അകപ്പെട്ടൊരു നാൾ അവർക്കും ഉണ്ടായി.......

അവൻ അതിനു ശേഷം, അവളെ നോക്കി, ഉണരാനായി കാത്തിരുന്നു.

നഗ്നമായിരുന്ന അവളുടെ ദേഹം പുതപ്പിൽ മൂടി. മെല്ലെ മുടിയിൽ വിരലോടിച്ചു. അവന്റെ സ്നേഹത്തിൽ, ലാളനയിൽ അവളുടെ മനസ്സ് ശാന്തമായിരിക്കുമെന്ന് കരുതി.

അവൾ ഉണർന്നു, അവനെ ശ്രദ്ധിക്കാതെ ബാത്ത് റൂമിൽ പോയി ഡ്രസ്സ് ചെയ്ത് തിരിച്ചു വന്നു.

അവളുടെ മുഖം......

അവൻ നൊമ്പരപ്പെട്ടു.

“ രമേശ് യൂ......”

അവളിൽ അടക്കാൻ കഴിയാത്ത എന്തെല്ലാമോ........

‘‘സ്നേഹേ... ഞാൻ...’’

‘‘യൂ ഡെർട്ടി.... സ്പോയിൽ മി....നോ....എനിക്ക് നിന്നെ കാണണ്ടാ....ഐ ഹേറ്റ് യൂ....’’

“സ്നേഹേ നീ എന്നും എന്നോടൊത്തു വേണം.....നമുക്ക് ഒരുമിച്ച് ജീവിക്കണം... സത്യം....സത്യം.....’’

“നോ.....നോ....രമേശ് നീയും വെറുമൊരു പുരുഷനാണ്.....സ്ത്രീയുടെ ശരീരം കവരുന്ന....സുഖം കാംക്ഷിക്കുന്ന....’’

“അല്ല... ഒരിക്കലും അങ്ങിനെ അല്ല...നീ എന്റേതാണ്...എന്റെ മാത്രം...ഞാൻ നിന്നെ നോക്കും പൊന്നുപോലെ....എന്റെ ജീവനെപ്പോലെ....’’

“നോ....നോ...ഇനി നമ്മൾ കാണില്ല, ഒരിക്കലും.....’’

അവൾ തകർന്നുപോയി. മുഖം പൂഴ്ത്തിക്കരഞ്ഞു. പെട്ടന്ന് അവനെ വിട്ട് പുറത്തേക്ക് പോയി.”

പിന്നീട് അവൻ സ്നേഹലതയെ കണ്ടിട്ടില്ല. അവൾ കോളേജിൽ നിന്നും, നഗരത്തിൽ നിന്നു തന്നെ അകന്നു പോയി. രമേശൻ തിരക്കി നടന്നു. കണ്ടെത്താനാകാതെ അവന്റെ മുറിയിൽ ചേക്കേറി.

അവൾ വീണ്ടും രംഗത്തു വരുന്നത് നടന വേദിയിലാണ്.

അയാൾ പറഞ്ഞുകൊണ്ടിരുന്നു.

മുറ്റത്തേക്ക് വെയിൽ കയറിവരുന്നു. വെയിലിനോടൊപ്പം വരുംപോലെ കാറിൽ നിന്നും പെൺകുട്ടി ഇറങ്ങി നടന്ന് വീട്ടിലേക്ക് വന്നു.

അവൾ തിണ്ണയിൽ കയറുമ്പോഴാണ് രമേശന്റെ അമ്മ അവളെ കാണുന്നത്. അവരുടെ കണ്ണുകൾ തിളങ്ങുകയും ജിജ്ഞാസപ്പെടുകയും ചെയ്തു.

‘‘ ഇത് സ്നേഹലതയുടെ മകളാണ്, സ്നേഹപ്രഭ....’’

അയാൾ പറഞ്ഞു.

അവൾ, അവർക്ക് മുന്നിൽ നിസ്സഹായായി നിന്നു.

“ ഞാൻ സ്നേഹലതയുടെ പ്രോഗ്രാം മാനേജറായിരുന്നു. അവർ സ്റ്റേജിൽ തിളങ്ങി നില്ക്കുമ്പോൾ ഈ കുഞ്ഞ് ബോർഡിംഗിൽ ഒരനാഥയെപ്പോലെ കഴിയുകയായിരുന്നു. കാരണം അവർക്ക് ഇഷ്ടമില്ലാതെ കിട്ടിയവളെ അംഗീകരിക്കാനായില്ല. പക്ഷെ, നേരിൽ ഒരിക്കൽ പോലും കാണാൻ കൂട്ടാക്കിയിരുന്നില്ലെങ്കിലും കൃത്യമായി ചെലവുകളെത്തിച്ചിരുന്നു. ഞാൻ വന്നശ്ശേഷം എല്ലാം ഞാനാണ് ചെയ്തു കൊടുത്തിരുന്നത്.”

“ ഈ കുഞ്ഞ്....”

രമേശിന്റെ അമ്മ വിതുമ്പുകയും. അവളെ നെഞ്ചോടുചേർത്തു നിർത്തുകയും ചെയ്തപ്പോൾ വെയിൽ വരാന്തയിൽ എത്തി അവരുടെ പാദങ്ങളെ സ്പർശിച്ചു തുടങ്ങി, കുളിർമയിൽ നിന്നും അവരെ ഉണർത്താനെന്ന പോലെ.

“ അതെ, ഇത് രമേശന്റെ മോളാണ്. സ്നേഹലത അവസാനം എന്നോടു സമ്മതിച്ചു... ഇവിടെ എത്തിക്കണമെന്ന് പറഞ്ഞു... രക്ഷിക്കണം.”

പാതി തുറന്നിരിരുന്ന വാതിൽ തള്ളിതുറന്നു കൊണ്ട്, ശക്തമായൊരു കാറ്റു പോലെ രമേശൻ വരാന്തയിലേക്ക് വന്നു.

അവൻ സ്നേഹപ്രഭയെ നോക്കി നില്കുമ്പോൾ അലക്ഷ്യവും വികൃതവുമായികിടന്നിരുന്ന മുടിയിഴകളിലെ വെളുത്ത മുടികൾ വിറക്കുന്നത് രഘുനാഥിന് കാണാം....

“ എന്റെ മോൾ....”

“ ഉം....”

അവാച്യമായ അവർണ്ണ്യമായ വികാരം കൊണ്ട് രമേശൻ നിലത്ത് തളർന്നിരുന്നു.

അമ്മ, അവൻ പുറത്തുവന്നതിൽ അത്ഭുതപ്പെട്ടു. പിന്നീട് അതിയായി സന്തോഷിച്ചു.

രമേശൻ നിലത്തു നിന്നും സാവധാനം ഉയർന്ന് തന്റെ മകളെ തുറിച്ചുനോക്കിക്കൊണ്ട്, തന്നിലേക്കടുപ്പിച്ചുകൊണ്ട് ആർത്തലച്ച്......

വികാര വിക്ഷുബ്ധത അടങ്ങിയപ്പോൾ രഘുനാഥ് ശാന്തമായി പറഞ്ഞു.

" രമേശ്, നിങ്ങളിൽ നിന്നും ഒട്ടും പ്രതീക്ഷിക്കാത്ത പ്രതികരണം ഉണ്ടായപ്പോളാണ് സ്നേഹലത അകന്നു പോയത്. അവർ അത് വാശിയായി, വൈരാഗ്യമായി എടുത്തു. എന്നിട്ടും കുഞ്ഞിനെ നശിപ്പിക്കാൻ തോന്നിയില്ല. അതിനെ സ്നേഹിച്ചില്ലെങ്കിലും....."

" നടന വേദിയിൽ അവർ ഒരു ജ്വാലയായി പടർന്നു കയറി, പേരും പ്രശസ്തിയും പണവും ആരാധകരും അധികാരസ്ഥാനങ്ങളും വന്നു ചേർന്നു. ചക്രവർത്തിനിയേപ്പോലെ വാണു.. പക്ഷെ, ധനം കുമിഞ്ഞുകൂടിയപ്പോൾ സുഖലോലുപതയിൽ മുഴുകിയപ്പോൾ ചതിക്കുഴികൾ കണ്ടില്ല...."

"ശരിക്കും,ചതിക്കപ്പെടുകയായിരുന്നു...മരണപ്പെടുത്തിക്കളഞ്ഞു.

അവരുടെ കൂടെ നിന്നിരുന്നവരും ഇപ്പോൾ വേട്ടയാടപ്പെടുകയാണ്. ഞാൻ പോലും ഓടിയടുക്കുന്നത് മരണത്തിലേക്കാണെന്ന് തോന്നിപ്പോവുകയാണ്... ഏതു നിമിഷവും മറവിൽ നിന്നും അത് വന്ന് എടുത്തു കൊണ്ടു പോകുമെന്ന് ഭയക്കുകയാണ്..."

"അതുകൊണ്ട് ഈ മോളെ നിങ്ങളെ ഏൽപിച്ചാൽ സുരക്ഷിതയാകുമെന്ന് കരുതുന്നു. കഴിഞ്ഞ പന്ത്രണ്ട് വർഷമായിട്ട് ഇവളെന്റെ മോളായിരുന്നു...."

രഘുനാഥിന്റെ കണ്ണുകൾ നിറഞ്ഞു വരുന്നത് രമേശന് കാണാം.

വൈകാതെ രഘുനാഥ് പടികളിറങ്ങുമ്പോൾ, കാറിൽ കയറുമ്പോൾ, ഓടിത്തുടങ്ങുമ്പോൾ അർദ്ധപ്രജ്ഞയോടെ രമേശൻ......

@@@@@@

കഥ വായിക്കാം/കേൾക്കാം – ഇരുപത്തിയെട്ട്

Malayalam Story / കഥ / സ്നേഹലത

വിജയകുമാർ കളരിക്കൽ

അയാൾക്ക് വേട്ടയാടപ്പെടുന്നവന്റെ മുഖമാണ്. കണ്ണുകൾക്ക് ലേശം ചുവപ്പ് നിറമാണ്. മൂന്നോ നാലോ ദിവസമായി ഷേവ് ചെയ്തിട്ടില്ല. ചെമ്പിച്ച മുടി. മുഷിഞ്ഞ വസ്ത്രം.

പ്രഭാതത്തിന് നല്ല തണുപ്പാണ്. മകര പിറവിക്ക് ദിവസങ്ങളേയുള്ളു. പിറവി കാണാൻ ഒരുമ്പെടുന്ന അയ്യപ്പഭക്തരുടെ ശരണം വിളികൾ യാത്രയിൽ പലയിടത്തും അയാൾ കേട്ടത് ഓർമ്മിച്ചു.

ഈ വഴിയിലൂടെ അയാൾ ആദ്യമാണ്.

കറുത്ത വാഗണർ കഴുകിയിട്ട് മൂന്ന് നാലു ദിവസമായിരിക്കുന്നു. പുറമാകെ പൊടിപിടിച്ച്, മഞ്ഞുതുള്ളികൾ വീണിടത്ത് കട്ടപിടിച്ച്......

ഒരു നാൽക്കവലയാണത്.

നാലു വഴികളും ടാർ ചെയ്തതാണ്. കവലയിൽ അധികം കടകളില്ല. ഒരു ചായക്കടയൊഴിച്ച് മറ്റൊന്നും തുറന്നിട്ടുമില്ല.

അയാൾ കാർ നിർത്തിയത് ചായക്കടയുടെ മുമ്പിൽ തന്നെയാണ്. കടയിൽ നാലോ അഞ്ചോ പേർ, ആരും അയാളെ ശ്രദ്ധിക്കാതെ ചായ നുകർന്നും, ദിനപത്രം നുണഞ്ഞും......

അയാൾ കടക്കാരനോട് വിലാസം തിരക്കി. കടക്കാരൻ കുറെ ആലോചിച്ച ശേഷം ഒരു മറു ചോദ്യമുന്നയിച്ചു. ആ മറു ചോദ്യത്തിന് ഉത്തരം കൊടുക്കാൻ അയാൾക്കായില്ല. അറിവില്ലായിരിക്കാം. എങ്കിലും വിലാസം ഉദ്ദേശം ഇന്നതാകാമെന്ന് കടക്കാരന്റെ സാക്ഷ്യപ്പെടുത്തലിൽ അയാൾക്ക് സമാധാനം തോന്നി.

രണ്ട് ഗ്ലാസ്സുകളിൽ അയാൾ ചായ വാങ്ങി. വണ്ടിയുടെ അടുത്തെത്തി തുറന്നിരുന്ന വാതായനം വഴി ഉള്ളിലേക്ക് ഒരെണ്ണം കൊടുത്തപ്പോൾ മാത്രം കടയിലുള്ളവർ അകത്തിരിക്കുന്ന പെൺകുട്ടിയെ കണ്ടു.

ഭീതിപൂണ്ടിരിക്കുന്നൊരു കൊച്ചു പെൺകുട്ടി. പതിനഞ്ചോ പതിനാറോ വയസ്സായിട്ട്.........

അവർ പിന്നീട് സംശയത്തോടെ ആണ് അയാളെ വീക്ഷിച്ചത്, പരസ്പരം നോക്കിയത്. പക്ഷെ, അയാളുടെ മുഖത്ത് ചഞ്ചലിപ്പോ, കളങ്കതയോ കാണാത്തതുകൊണ്ടും, പെൺകുട്ടിയിൽ നിന്ന് അയാളോടുള്ള പെരുമാറ്റത്തിൽ സംശയിക്കത്തക്കതായിട്ടൊന്നും ഇല്ലാത്തതു കൊണ്ടും അവർ കണ്ണുകളെ, മനസ്സുകളെ പിൻതിരിപ്പിച്ചുകളഞ്ഞു.

കഷ്ടിച്ച് കാർ കയറി പോകാനൊരു വഴി, ടാർ വിരിക്കാത്തത്, പൊടി ഉയർത്തുന്നുണ്ട്.....

ഇരുപുറവും വേലിപ്പടർപ്പുകളാണ്. വേലികൾക്കുള്ളിൽ റബ്ബർ, തെങ്ങ്, വാഴ.........

കിളികളുടെ ചിലപ്പുകൾ.....

കോഴിയുടെ കൂവലുകൾ.....

വീടുകൾ ഉണർന്നു വരുന്നതേയുള്ളൂ......

ഒരു കിലോമീറ്റർ കഴിഞ്ഞാണ് ചായക്കടക്കാരൻ പറഞ്ഞ ലക്ഷണത്തിലുള്ള വീടെത്തിയത്.

കാർ റോഡിലേ കിടക്കുകയുള്ളൂ. ഒരു ഓട്ടോറിക്ഷക്കുപോലും കടന്നു പോകാൻ ഇടമില്ലാത്തതുപോലെ.

അയാൾ തനിച്ച് ഇറങ്ങി വന്ന് വീടിന്റെ കതകിൽ മുട്ടി വിളിച്ചു. അവിടെ കോളിംഗ് ബെല്ല് കണ്ടില്ല. വരാന്തയിൽ വെളിച്ചത്തിനൊരു ബൾബു പോലും കണ്ടില്ല. എന്നാൽ ഏറ്റവും അടുത്തവീട്ടിലേക്ക് വൈദ്യുതി ലൈൻ കണ്ടു.

കുറെ കാത്തു നിന്നപ്പോളൊരു സ്ത്രീ വാതിൽ തുറന്നു. അറുപത് വയസ്സിനു മേൽ പ്രായമുള്ള, വളരെ പഴകിയൊരു നൈറ്റിയിൽ.....

അവർ ഉണർന്നു വരുന്നതേയുള്ളൂ.

യാതൊരു ഉദ്ദേശവുമില്ലാതെ കതക് തുറന്ന് പുറത്തു വന്ന ആ കണ്ണുകളിൽ അമ്പരപ്പ് കയറിപടരുന്നതു കാണാം.

“ഞാൻ രമേശനെ കാണാൻ വന്നതാണ്, നഗരത്തിൽ നിന്ന്.”

അയാൾ കുറെ അകലെയുള്ളൊരു നഗരത്തിന്റെ പേരു പറഞ്ഞു.

അവർ അയാളെ ഇറയത്ത് തന്നെയുള്ളൊരു ബെഞ്ചിൽ ഇരുത്തി.

ഒരു നീണ്ട കഥ പറഞ്ഞു.

കഴിഞ്ഞ പതിനാറു വർഷങ്ങൾ...

പതിനാറു വർഷങ്ങൾ കഴിഞ്ഞു രമേശൻ പുറത്തിറങ്ങിയിട്ട്....

തലമുറകളോളം പഴക്കമുള്ള ആ ചെറിയവീട്ടിലെ തെക്കേ കോണിലെ ഇടുങ്ങിയ മുറിയിൽ വെളിച്ചം കയറിയിട്ട് പതിനാറു വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. അത് അവന്റെ, രമേശിന്റെ മുറിയാണ്.

പതിനാറു വർഷമായി വാതായനം പോലുമില്ലാത്ത അതിന്റെ ജനൽ അവൻ തുറന്നിട്ട്. തുറന്നാൽ തെക്കോട്ടുള്ള മലയിറക്കത്തിൽ പതിക്കുന്ന വെളിച്ചം കാണേണ്ടി വരും. അവനെ നോക്കി ചിരിക്കുന്ന പൂക്കളെ കാണേണ്ടിവരും. പൂക്കളിൽ നിന്നെത്തുന്ന സുഗന്ധം അറിയേണ്ടി വരും.

ആ പൂക്കളിൽ നിന്നും, സുഗന്ധത്തിൽ നിന്നും അവൻ ഒളിച്ചോടുകയായിരുന്നു.

കുട്ടിയായിരിക്കുമ്പോഴും. അതിനു ശേഷം കൗമാരക്കാരനായിരിക്കുമ്പോൾ, യുവാവായിരിക്കമ്പോൾ ജനാല തുറന്നിട്ട് മലഞ്ചെരുവിലേക്ക് നോക്കിയിരിക്കുന്നത് അവന്റെ ശീലമായിരുന്നു, ലഹരിയായിരുന്നു.

അവിടെയിരുന്നാൽ മലകൾ കയറി, മലകൾ ഇറങ്ങി വരുന്ന പ്രഭാതവെളിച്ചം കാണാം. മലകളിറങ്ങി മലകൾ കയറി പോകുന്ന അന്തിവെളിച്ചവും കാണാം.

അങ്ങിനെ നോക്കിയിരുന്നാൽ മനസ്സിൽ കുളിർമ നിറയും. താഴ്വാരത്ത് കൂടിപറന്നു പോകുന്ന പക്ഷികൾ കാഴ്ചക്കാരനെ നോക്കി പാടും, പൂക്കൾ ചിരിക്കും. ആവോളം നുകരാൻ സുഗന്ധവുമായിട്ട് മന്ദമാരുതനുമെത്തും.

ആദ്യമൊക്കെ അമ്മച്ചി അവനോട് ഒരുപാട് ചോദ്യങ്ങൾ ചോദിച്ചു.

എന്റെ മോനെന്തുപറ്റി, എന്തിൽ നിന്നാണ് ഒളിച്ചോടിയത്, ആരാണ് നശിപ്പിച്ചത്, പിച്ചി ചീന്തിയത്.........

അവൻ ഒന്നും പറഞ്ഞില്ല.

ഒരു വികാരവും കാണിച്ചില്ല.

ഒരേയൊരു സഹോദരിയുടെ വിവാഹത്തിനും മുറിയിൽ നിന്നും പുറത്തു വന്നില്ല.

അച്ഛൻ മരിച്ചപ്പോൾപോലും ഒരു വാക്ക് ഉരിയാടിയില്ല.

സ്വന്തം തീരുമാനത്തിൽ കുളിച്ചില്ല, പല്ലുതേച്ചില്ല, ആഹാരം കഴിച്ചില്ല.

മുടി വെട്ടിയില്ല.  ഷേവു ചെയ്തില്ല.

അമ്മ നിർബന്ധിച്ചു ചെയ്താലായി.

അമ്മ കൂലിപ്പണി ചെയ്തും, പറമ്പിലെ കുറച്ച് റബ്ബർ വെട്ടിയും കഴിഞ്ഞു, ഇതുവരെ.

ശിലായുഗത്തിൽ ഗൃഹനായികയായിരുന്ന സ്ത്രീയെ എന്നാണ്, ആരാണ് സ്ഥാനമാനങ്ങളിൽ നിന്നു വലിച്ചിറക്കിയത്...... പുരുഷന്റെ അധീനതയിൽ, താല്പര്യങ്ങളിൽ കഴിയേണ്ടവളായിട്ട് തരം താഴ്ത്തിയത്........ മതഗ്രന്ഥങ്ങളിൽ, ഇതിഹാസങ്ങളിൽ, പുരാണങ്ങളിൽ പുരുഷന്റെ ഭോഗവസ്തു മാത്രമാക്കി ചിത്രീകരിച്ചതാരാണ്...... ദൈവത്തിങ്കൽ എല്ലാ സൃഷ്ടികളും തുല്യമായിരിക്കെ വേദവാണികൾ ഗ്രഹിക്കാൻ അയോഗ്യയാക്കിയതാരാണ്....

നിങ്ങൾ പ്രകൃതിലേക്ക് നോക്കു, സസ്യജാലങ്ങളിൽ സ്ത്രീ പുരുഷ അസമത്വങ്ങളുണ്ടോ, പക്ഷിമൃഗാദികളിൽ സ്ത്രീക്കും പുരുഷനും ചരിക്കാൻ വ്യത്യസ്ഥ മാർഗ്ഗങ്ങളുണ്ടോ, ഇര തേടാൻ, ഇണ തേടാൻ, ശയിക്കാൻ, ഉറങ്ങാൻ ആരുടെയെങ്കിലും വിലക്കുകളുണ്ടോ......

എങ്ങിനെ ഈ മനുഷ്യ സമൂഹത്തിൽ മാത്രം അവൾ ഹീനയായി, അബലയായി, ചപലയായി.........  ഗുണവും മണവും കുറയുമ്പോൾ മൊഴി ചൊല്ലപ്പെടേണ്ടവളായി, പൊതു വേദിയിൽ വസ്ത്രാക്ഷേപം

ചെയ്യപ്പെടേണ്ടവളായി, കാറ്റും വെയിലും കടക്കാത്ത ഇരുട്ടറയിൽ അടക്കപ്പെടേണ്ടവളായി, ഇരയായി.....

ഈ വാക്കുകൾ രമേശന്റെ വീട്ടു തേടി വന്ന രഘുനാഥിന്റേതല്ല, അയാൾ പറയാൻ തുടങ്ങുന്ന കഥയുടെ തുടക്കമാണ്.

അത് സ്നേഹലതയുടെ വാക്കുകളാണ്.

അയാൾ പറഞ്ഞു.

ഒരു സജീവ രാഷ്ട്രീയക്കാരനോ സാംസ്കാരിക പ്രവർത്തകനോ ഒന്നുമായിരുന്നില്ല രമേശൻ. എന്നാൽ സ്വതസിദ്ധമായിരുന്ന ഒരു പ്രവർത്തന ശൈലി കൊണ്ട് എല്ലാവർക്കും ഇഷ്ടപ്പെടുന്നവനായിരുന്നു.

ഏതു വിദ്യാർത്ഥി സംഘടനക്കും സാംസ്കാരിക പ്രവർത്തകനും അവൻ അഭിമതനായിരുന്നു. തുല്യ അകലം സൂക്ഷിക്കുന്നവൻ. എന്നിട്ടും ഒരു സംഘടനയുടെ അദ്ധ്യക്ഷപദത്തിലെത്തേണ്ടിവന്നു, പലരുടേയും നിർബന്ധത്തിന് വഴങ്ങി.

സ്നേഹലത ആ സംഘടനയുടെ തിളങ്ങുന്ന താരമായിരുന്നു, സെക്രട്ടറിയെന്ന നിലയിൽ മാത്രമായിരുന്നില്ല, ജീവാത്മാവും പരമാത്മാവും പോലെ.

സ്കൂൾ തലത്തിൽ നിന്നും കലാതിലകമായിട്ടെത്തുകയും, കോളേജ് തലത്തിലും നടനത്തിന് തുടർച്ചയായി സമ്മാനിതയാകുകയും ചെയ്തിരുന്നതിന്റെ പ്രതിഭാവിലാസം വേറേയും.

ഷാംപൂ പുരട്ടി നേർപ്പിച്ച, ഇടതൂർന്ന മുടി യഥേഷ്ടം പാറി നടക്കും ചുവന്നു തുടുത്തിട്ടും ലിപ്സ്റ്റിക്ക് ധരിക്കും, നിത്യേനയെന്നോണം ബ്യൂട്ടി പാർലറിൽ പോകും, ഒരു പരസ്യത്തിലെ നായികയെപ്പോലെ.....

സംഘടനയുടെ പ്രവർത്തനങ്ങൾ കോളേജ് കാമ്പസ് വിട്ട് സമൂഹത്തിലേക്കിറങ്ങി വന്നു. സ്ത്രീകളുടെ ശാക്തീകരണത്തിനുവേണ്ടി, സ്വാതന്ത്ര്യത്തിനു വേണ്ടി, കുട്ടികളുടെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കാൻ തുടങ്ങി. പല ദേശീയ സംഘടനകളുമായിട്ടുള്ള ബന്ധങ്ങൾ വഴി പൊതുവെ അറിയപ്പെടാൻ തുടങ്ങി.

സ്നേഹലത രാത്രിയിലും പകലും രമേശനൊത്ത് യാത്ര ചെയ്യുവാൻ, പ്രവർത്തന നിരതയാകാൻ മടികാണിച്ചില്ല.

ഒരു പക്ഷെ, അവളുടെ കുടുംബ അന്തരീക്ഷവും അങ്ങിനെ ആയിരുന്നതു കൊണ്ടാകാം. സ്വാതന്ത്ര്യ സമര കാലം മുതൽ കോൺഗ്രസുമായിട്ടുള്ള അടുപ്പം, പ്രശസ്ത ക്രിമിനൽ ലോയറായിരുന്ന അച്ഛന്റെ വീക്ഷണങ്ങൾ, സർവ്വതന്ത്ര സ്വതന്ത്രയായ സ്ത്രീ പക്ഷവാദിയും പ്രവർത്തകയുമായ അമ്മ.....

എങ്കിലും നടനവേദി അവൾക്ക് മുറിച്ചുമാറ്റാൻ കഴിയാത്ത ഘടകമായിരുന്നു, ചിട്ടയായ ചലനങ്ങളും ജന്മസിദ്ധമായ വാസനയും കൂടെ ഉണ്ടായിരുന്നു.

പക്ഷെ, രമേശന്റെ മനസ്സ് വിഹ്വലമായിരുന്നു, എപ്പോഴും. അവൻ സ്നേഹലതയുടെ ബന്ധത്തെ കുറിച്ച് ചിന്തിച്ചുകൊണ്ടേയിരുന്നു, പലപ്പോഴും. സുഹൃത്തുക്കൾ പറയുന്ന കാര്യങ്ങളും അവനെ അലട്ടിക്കൊണ്ടിരുന്നു.

എന്താണ് സ്നേഹലതയുമായുള്ള ബന്ധം.......

ആ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ അവനായില്ല.

ഒരു സുഹൃത്തിനെപ്പോലെ.....

രക്ഷിതാവിനെപ്പോലെ.....

അല്ല, പലപ്പോഴും ഇണയോടു കാണിക്കുന്നതിൽ കൂടുതലുള്ള അടുപ്പത്തോടുകൂടി അവൾ ഇടപെടുന്നു.

അവന്റെ മനസ്സ് ചഞ്ചലിക്കാറുണ്ട്, ചപലമാകാറുണ്ട്, വിജൃംഭിതമാകാറുണ്ട്...

അവളുടെ വാദഗതികൾ അവൻ അംഗീകരിക്കുന്നു. സ്ത്രീയും പുരുഷനും തുല്യരാണെന്നും, വീട്ടിലായാലും പുറത്തായാലും തുല്യത വേണമെന്നും, മേൽക്കോയ്മകളും, അടക്കി വാഴലുകളും തെറ്റാണെന്നും സമ്മതിക്കുന്നു........

അങ്ങിനെ സമ്മതിച്ച് കഴിഞ്ഞ ഉടനെ തന്നെ അവന്റെ മനസ്സ് ചോദ്യങ്ങളെക്കൊണ്ട് നിറയും.

സത്യത്തിൽ പ്രകൃതിയിൽ തന്നെ സ്ത്രീക്കും പുരുഷനും തമ്മിൽ ചില വ്യത്യാസങ്ങൾ കാണാനില്ലേ.....

ആൺപക്ഷികൾക്ക് വ്യത്യസ്ഥമായ ശ്രുപഘടനയുണ്ട്. ആൺ മൃഗങ്ങൾക്ക് തലയെടുപ്പ് കൂടുതലുണ്ട്, വലിപ്പക്കൂടുതലുണ്ട്. പുരുഷന് സ്ത്രീയേക്കാൾ കരുത്ത് കൂടുതലുണ്ട്, സ്വരം അവളുടേതിനേക്കാൾ ദൃഢമാണ്.....

എന്താണങ്ങിനെ....

പ്രകൃതി തന്നെ അങ്ങിനെയൊരു വ്യത്യസ്ഥ ഘടന ഉണ്ടാക്കി വച്ചതെന്തിനാണ്.....

അവൻ തന്നെ അതിനൊരു ഉത്തരവും കണ്ടെത്തിയിട്ടുണ്ട്.

അലംഘനീയമായൊരു കാലപ്രവാഹത്തിൽ സംഭവിക്കുന്നതാണ്.

ഒരു പൂ വിരിയും പോലെ, ഒരു മുട്ട വിരിഞ്ഞു കുഞ്ഞ് പിറക്കും പോലെ..... അനന്തവും അദൃശ്യവുമായ ഒരു സ്രോതസ്സിന്റെ പ്രയാണത്തിൽ സംഭവിക്കുന്നതാണ്.........

അതേ പ്രയാണത്തിൽ അകപ്പെട്ടൊരു നാൾ അവർക്കും ഉണ്ടായി.......

അവൻ അതിനു ശേഷം, അവളെ നോക്കി, ഉണരാനായി കാത്തിരുന്നു.

നഗ്നമായിരുന്ന അവളുടെ ദേഹം പുതപ്പിൽ മൂടി. മെല്ലെ മുടിയിൽ വിരലോടിച്ചു. അവന്റെ സ്നേഹത്തിൽ, ലാളനയിൽ അവളുടെ മനസ്സ് ശാന്തമായിരിക്കുമെന്ന് കരുതി.

അവൾ ഉണർന്നു, അവനെ ശ്രദ്ധിക്കാതെ ബാത്ത് റൂമിൽ പോയി ഡ്രസ്സ് ചെയ്ത് തിരിച്ചു വന്നു.

അവളുടെ മുഖം......

അവൻ നൊമ്പരപ്പെട്ടു.

" രമേശ് യൂ......"

അവളിൽ അടക്കാൻ കഴിയാത്ത എന്തെല്ലാമോ........

‘‘സ്നേഹേ... ഞാൻ...’’

‘‘യൂ ഡെർട്ടി.... സ്പോയിൽ മി....നോ....എനിക്ക് നിന്നെ കാണണ്ടാ....ഐ ഹേറ്റ് യൂ....’’

“സ്നേഹേ നീ എന്നും എന്നോടൊത്തു വേണം.....നമുക്ക് ഒരുമിച്ച് ജീവിക്കണം... സത്യം....സത്യം.....’’

“നോ.....നോ....രമേശ് നീയും വെറുമൊരു പുരുഷനാണ്.....സ്ത്രീയുടെ ശരീരം കവരുന്ന....സുഖം കാംക്ഷിക്കുന്ന....’’

“അല്ല... ഒരിക്കലും അങ്ങിനെ അല്ല...നീ എന്റേതാണ്...എന്റെ മാത്രം...ഞാൻ നിന്നെ നോക്കും പൊന്നുപോലെ....എന്റെ ജീവനെപ്പോലെ....’’

“നോ....നോ...ഇനി നമ്മൾ കാണില്ല, ഒരിക്കലും.....’’

അവൾ തകർന്നുപോയി. മുഖം പൂഴ്ത്തിക്കരഞ്ഞു. പെട്ടന്ന് അവനെ വിട്ട് പുറത്തേക്ക് പോയി.”

പിന്നീട് അവൻ സ്നേഹലതയെ കണ്ടിട്ടില്ല. അവൾ കോളേജിൽ നിന്നും, നഗരത്തിൽ നിന്നു തന്നെ അകന്നു പോയി. രമേശൻ തിരക്കി നടന്നു. കണ്ടെത്താനാകാതെ അവന്റെ മുറിയിൽ ചേക്കേറി.

അവൾ വീണ്ടും രംഗത്തു വരുന്നത് നടന വേദിയിലാണ്.

അയാൾ പറഞ്ഞുകൊണ്ടിരുന്നു.

മുറ്റത്തേക്ക് വെയിൽ കയറിവരുന്നു. വെയിലിനോടൊപ്പം വരുംപോലെ കാറിൽ നിന്നും പെൺകുട്ടി ഇറങ്ങി നടന്ന് വീട്ടിലേക്ക് വന്നു.

അവൾ തിണ്ണയിൽ കയറുമ്പോഴാണ് രമേശന്റെ അമ്മ അവളെ കാണുന്നത്. അവരുടെ കണ്ണുകൾ തിളങ്ങുകയും ജിജ്ഞാസപ്പെടുകയും ചെയ്തു.

‘‘ ഇത് സ്നേഹലതയുടെ മകളാണ്, സ്നേഹപ്രഭ....’’

അയാൾ പറഞ്ഞു.

അവൾ, അവർക്ക് മുന്നിൽ നിസ്സഹായായി നിന്നു.

“ ഞാൻ സ്നേഹലതയുടെ പ്രോഗ്രാം മാനേജരായിരുന്നു. അവർ സ്റ്റേജിൽ തിളങ്ങി നില്ക്കുമ്പോൾ ഈ കുഞ്ഞ് ബോർഡിംഗിൽ ഒരനാഥയെപ്പോലെ കഴിയുകയായിരുന്നു. കാരണം അവർക്ക് ഇഷ്ടമില്ലാതെ കിട്ടിയവളെ അംഗീകരിക്കാനായില്ല. പക്ഷെ, നേരിൽ ഒരിക്കൽ പോലും കാണാൻ കൂട്ടാക്കിയിരുന്നില്ലെങ്കിലും കൃത്യമായി ചെലവകളെത്തിച്ചിരുന്നു. ഞാൻ വന്നശ്ശേഷം എല്ലാം ഞാനാണ് ചെയ്തു കൊടുത്തിരുന്നത്.”

“ ഈ കുഞ്ഞ്....”

രമേശിന്റെ അമ്മ വിതുമ്പുകയും. അവളെ നെഞ്ചോടുചേർത്തു നിർത്തുകയും ചെയ്തപ്പോൾ വെയിൽ വരാന്തയിൽ എത്തി അവരുടെ പാദങ്ങളെ സ്പർശിച്ചു തുടങ്ങി, കുളിർമയിൽ നിന്നും അവരെ ഉണർത്താനെന്ന പോലെ.

“ അതെ, ഇത് രമേശന്റെ മോളാണ്. സ്നേഹലത അവസാനം എന്നോടു സമ്മതിച്ചു... ഇവിടെ എത്തിക്കണമെന്ന് പറഞ്ഞു... രക്ഷിക്കണം.”

പാതി തുറന്നിരിരുന്ന വാതിൽ തള്ളിതുറന്നു കൊണ്ട്, ശക്തമായൊരു കാറ്റു പോലെ രമേശൻ വരാന്തയിലേക്ക് വന്നു.

അവൻ സ്നേഹപ്രഭയെ നോക്കി നില്കുമ്പോൾ അലക്ഷ്യവും വികൃതതവുമായികിടന്നിരുന്ന മുടിയിഴകളിലെ വെളുത്ത മുടികൾ വിറക്കുന്നത് രഘുനാഥിന് കാണാം....

“ എന്റെ മോൾ....”

“ ഉം....”

അവാച്യമായ അവർണ്ണ്യമായ വികാരം കൊണ്ട് രമേശൻ നിലത്ത് തളർന്നിരുന്നു.

അമ്മ, അവൻ പുറത്തുവന്നതിൽ അത്ഭുതപ്പെട്ടു. പിന്നീട് അതിയായി സന്തോഷിച്ചു.

രമേശൻ നിലത്തു നിന്നും സാവധാനം ഉയർന്ന് തന്റെ മകളെ തുറിച്ചുനോക്കിക്കൊണ്ട്, തന്നിലേക്കടുപ്പിച്ചുകൊണ്ട് ആർത്തലച്ച്......

വികാര വിക്ഷുബ്ധത അടങ്ങിയപ്പോൾ രഘുനാഥ് ശാന്തമായി പറഞ്ഞു.

" രമേശ്, നിങ്ങളിൽ നിന്നും ഒട്ടും പ്രതീക്ഷിക്കാത്ത പ്രതികരണം ഉണ്ടായപ്പോളാണ് സ്നേഹലത അകന്നു പോയത്. അവർ അത് വാശിയായി, വൈരാഗ്യമായി എടുത്തു. എന്നിട്ടും കുഞ്ഞിനെ നശിപ്പിക്കാൻ തോന്നിയില്ല. അതിനെ സ്നേഹിച്ചില്ലെങ്കിലും....."

" നടന വേദിയിൽ അവർ ഒരു ജ്വാലയായി പടർന്നു കയറി, പേരും പ്രശസ്തിയും പണവും ആരാധകരും അധികാരസ്ഥാനങ്ങളും വന്നു ചേർന്നു. ചക്രവർത്തിനിയേപ്പോലെ വാണു.. പക്ഷെ, ധനം കുമിഞ്ഞുകൂടിയപ്പോൾ സുഖലോലുപതയിൽ മുഴുകിയപ്പോൾ ചതിക്കുഴികൾ കണ്ടില്ല...."

"ശരിക്കും,ചതിക്കപ്പെടുകയായിരുന്നു...മരണപ്പെടുത്തിക്കളഞ്ഞു.

അവരുടെ കൂടെ നിന്നിരുന്നവരും ഇപ്പോൾ വേട്ടയാടപ്പെടുകയാണ്. ഞാൻ പോലും ഓടിയടുക്കുന്നത് മരണത്തിലേക്കാണെന്ന് തോന്നിപ്പോവുകയാണ്... ഏതു നിമിഷവും മറവിൽ നിന്നും അത് വന്ന് എടുത്തു കൊണ്ടു പോകുമെന്ന് ഭയക്കുകയാണ്..."

"അതുകൊണ്ട് ഈ മോളെ നിങ്ങളെ ഏൽപിച്ചാൽ സുരക്ഷിതയാകുമെന്ന് കരുതുന്നു. കഴിഞ്ഞ പന്ത്രണ്ട് വർഷമായിട്ട് ഇവളെന്റെ മോളായിരുന്നു...."

രഘുനാഥിന്റെ കണ്ണുകൾ നിറഞ്ഞു വരുന്നത് രമേശന് കാണാം.

വൈകാതെ രഘുനാഥ് പടികളിറങ്ങുമ്പോൾ, കാറിൽ കയറുമ്പോൾ, ഓടിത്തുടങ്ങുമ്പോൾ അർദ്ധപ്രജ്ഞയോടെ രമേശൻ......

@@@@@@